# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 05. 03.2025 മുതൽ 09.03.2025 വരെ**

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 09/2025, (18) ചൊവ്വാഴ്ച** | **തീയ്യതി 04/03/2025** |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2025 ഫെബ്രുവരി 26 മുതൽ മാർച്ച് 04 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2025 മാർച്ച് 05 മുതൽ മാർച്ച് 09 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 26/02 | 27/02 | 28/02 | 01/03 | 02/03 | 03/03 | 04/03 | തീയ്യതി | | 05/03 | 06/03 | 07/03 | 08/03 | 09/03 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0 | 0 | 0 | 0 | 0 |
| 36.5 | 36.1 | 36.9 | 36.6 | 36.1 | 37.1 | 37.0 | ഉയർന്ന താപനില (°C) | | 37 | 37 | 37 | 37 | 37 |
| 26.7 | 26.9 | 25.6 | 27.9 | 27.0 | 25.1 | 25.9 | കുറഞ്ഞ താപനില (°C) | | 27 | 27 | 27 | 27 | 27 |
| Partly cloudy | Partly cloudy | Partly cloudy | Cloudy | Cloudy | Cloudy | Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Cloudy | Partly cloudy | Cloudy | Cloudy |
| Partly cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | Cloudy | | PM | | | | | | |
| 43 | 51 | 63 | 73 | 77 | 87 | 90 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 80 | 80 | 80 | 80 | 80 |
| 33 | 33 | 34 | 47 | 44 | 42 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 50 | 50 | 50 | 50 | 50 |
| 7.5 | 8.7 | 7.5 | 8.5 | 7.6 | 5.0 | 2.9 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 3 | 8 | 8 | 8 | 3 |
| ENE | NNE | NNE | NNE | NNE | ESE | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | SW | W | WNW | W | WSW |
| NNE | NNE | NE | NE | ENE | SE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2025 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/25 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 0.0 | 0.0 |

കാലാവസ്ഥാ അറിയിപ്പ്:- പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:- വേനൽചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഉള്ളപ്പോൾ ജലസേചനം കൊടുക്കുന്നത് ഒഴിവാക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | മണി കറുക്കൽ | നെല്ലിൽ മണി കറുക്കൽ രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് (കൊസൈഡ്) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| നെല്ല് പുഞ്ച (ചിന്നപ്പ് പൊട്ടുന്ന പരുവം) | പരിചരണം | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കാവുന്നതാണ്. |
| മത്തൻ | വൈറസ് രോഗം | മത്തൻ ചെടികളിൽ വൈറസ് രോഗം കാണാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച ചെടികൾ തോട്ടത്തിൽ നിന്നും എത്രയും വേഗത്തിൽ നീക്കം ചെയ്ത് നശിപ്പിച്ചു കളയുക |
| വഴുതന | വെള്ളീച്ച | വഴുതനയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനീസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക. |

മൃഗസംരക്ഷണം-: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്തോ വൈകിട്ടോ മേയാൻ വിടുക. (CAADECCS KVASU, Mannuthy)